(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവ കുപ്പിന്റെ അധീനതയിൽ പൊതുമേഖലയിൽ മറ്റു വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല.

41 (597) കേരളാ സോപ്സ് ആന്റ് ഓയിൽസ് കമ്പനിയുടെ പുനരുദ്ധാരണം.

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) പൂട്ടിക്കിടക്കുന്ന കേരള സോപ്സ് ആന്റ് ഓയിൽസ് കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ ഈ സർക്കാർ എന്തുതുക ചെലവാക്കി;

(ബി) വൻതുക മുടക്കി ഈ സ്ഥാപനം പുനരുദ്ധരിക്കാൻ ശുപാർശ നൽകിയത് ആരാണ്;

(സി) പുനരുദ്ധാരണത്തിനുശേഷം ഫാക്ടറിയുടെ പ്രവർത്തനം എത്രത്തോളം മെച്ചപ്പെട്ടിട്ടുണ്ടെന്ന് പറയുമോ;

(ഡി) പ്രവർത്തനം മെച്ചപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ ഫാക്ടറി ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;

(എഫ്) എങ്കിൽ ലാഭം/നഷ്ടം എത്ര?

ഉത്തരം

(എ) 1996-ൽ പുതിയ നവീകരണ പദ്ധതി അംഗീകരിക്കുകയും 1470 ലക്ഷം രൂപ കമ്പനിക്ക് നൽകുകയും ഉണ്ടായി.

(ബി) ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി.

(സി) ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ഗുണമേന്മ, വിപണനം, സാമ്പത്തികം എന്നിവ ലഭ്യമാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം തുടരുന്നു.

(ഇ) നഷ്ടത്തിലാണ്.

(എഫ്) പ്രതിമാസം 14 ലക്ഷം രൂപ.

42 (598) കെൽട്രോൺ പവർഡിവൈസസിലെ തൊഴിലാളികളുടെ വേതനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുളംകുന്നത്തുകാവിലെ കെൽട്രോൺ പവർ ഡിവൈസസിലെ എത്ര തൊഴിലാളികളെ മറ്റുയൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്; ഇവരുടെ പേരും സ്ഥാപനങ്ങളുടെ വിവരവും നൽകുമോ;

(ബി) ഈ തൊഴിലാളികൾക്ക് ഇന്ന് നൽകുന്ന വേതനമെത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly